**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2502** **24-06-2024 - ൽ മറുപടിയ്ക്ക്**

**ടേൺ ഓവർ ടാക്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ടേൺഓവർ ടാക്സ് വെട്ടിക്കുന്ന ബാറുടമകൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കേരള പൊതു വില്പന നികുതി നിയമം, 1963 പ്രകാരം റിട്ടേണുകൾ മൂല്യനിർണയ അതോറിറ്റി പരിശോധനാ വിധേയമാക്കുകയും പരിശോധനയിൽ വിറ്റുവരവ് കുറച്ചുകാണിച്ചിട്ടുള്ളതായി കണ്ടെത്തുകയോ നികുതി അടയ്ക്കുന്നത് കുറഞ്ഞ നിരക്കിൽ ആണെന്ന് കണ്ടെത്തുകയോ അടയ്ക്കേണ്ട നികുതി പൂർണ്ണമായി അടച്ചിട്ടില്ല എന്ന് കണ്ടെത്തുകയോ ചെയ്താൽ അവർക്കെതിരെ കേരള പൊതു വില്പന നികുതി നിയമം, 1963 അനുശാസിക്കുന്ന പ്രകാരമുള്ള അസ്സസ്സ്മെന്റ് നടപടികൾ പൂർത്തികരിക്കുകയും കുറവ് വരുത്തിയിട്ടുള്ള നികുതി സംസ്ഥാന ഖജനാവിലേക്ക് ലഭ്യമാക്കാനുള്ള മറ്റു നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. നികുതി കുടിശ്ശിക പിരിക്കുന്നത് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഡിപ്പാർട്ട്മെന്റിന്റെ പുനഃസംഘടനയുമായി ബന്ധപെട്ട് പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ടി വിഭാഗം കുടിശ്ശികകൾ പിരിക്കുന്നതിനുള്ള ഊർജിത നടപടികൾ സ്വീകരിച്ചുവരുന്നു. റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പിനും ശിപാർശ ചെയ്തുവരുന്നു. റിട്ടേൺ ഫയൽ ചെയ്ത് യഥാസമയം നികുതി അടയ്ക്കാത്തവർക്കുമേൽ കേരള പൊതു വിൽപ്പന നികുതി നിയമം, 1963 പ്രകാരം പെനാൽറ്റി ചുമത്തുകയും, കൂടാതെ റിട്ടേൺ ഫയൽ ചെയ്യുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ ക്യാൻസലേഷൻ, അസ്സെസ്സ്മെന്റ് നടപടികളും സ്വീകരിച്ചു വരുന്നു. ടേൺഓവർ ടാക്സ് വെട്ടിക്കുന്ന ബാറുകളിൽ സംസ്ഥാന ജി.എസ്.ടി ഇന്റലിജൻസ് വിഭാഗം റിട്ടേണുകളുടെ വിശകലനം നടത്തിയശേഷം സ്ഥാപനത്തിൽ പരിശോധന നടത്തുകയും വെട്ടിപ്പ് ബോധ്യമാകുന്ന മുറയ്ക്ക് നികുതിയും പിഴയും ഈടാക്കുകയും ചെയ്യുന്നു. അത്തരത്തിൽ 21 |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിൽ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം അടുത്തകാലങ്ങളിലായി നടത്തിയ പരിശോധനയിൽ 866.46 ലക്ഷം രൂപയുടെ നികുതിവെട്ടിപ്പ് കണ്ടെത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം കൃത്യമായ റിട്ടേണുകൾ സമർപ്പിക്കാത്ത 328 ബാറുകൾ സംസ്ഥാനത്തുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഫയൽ ചെയ്യുന്ന റിട്ടേണുകളും മറ്റു രേഖകളും പരിശോധിച്ചുകഴിയുന്ന മുറയ്ക്കേ റിട്ടേണുകൾ കൃത്യമാണോ എന്ന് ഉറപ്പ് വരുത്താൻ കഴിയുകയുള്ളൂ. പരിശോധനയിൽ വിറ്റുവരവ് കുറച്ചു കാണിച്ചിട്ടുള്ളതായി കണ്ടെത്തുകയോ നികുതി അടയ്ക്കുന്നത് കുറഞ്ഞ നിരക്കിൽ ആണെന്ന് കണ്ടെത്തുകയോ അടയ്ക്കേണ്ട നികുതി പൂർണ്ണമായി അടച്ചിട്ടില്ല എന്ന് കണ്ടെത്തുകയോ ചെയ്താൽ അവർക്കെതിരെ കേരള പൊതു വിൽപ്പന നികുതി നിയമം, 1963 അനുശാസിക്കുന്ന പ്രകാരമുള്ള അസ്സസ്സ്മെന്റ് നടപടികൾ പൂർത്തികരിക്കുകയും കുറവ് വരുത്തിയിട്ടുള്ള നികുതി സംസ്ഥാന ഖജനാവിലേക്ക് ലഭ്യമാക്കാനുള്ള മറ്റു നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട്. നികുതി കുടിശ്ശിക പിരിക്കുന്നത് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഡിപ്പാർട്ട്മെന്റിന്റെ പുനഃസംഘടനയുമായി ബന്ധപ്പെട്ട് പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ടി വിഭാഗം കുടിശ്ശികകൾ പിരിക്കുന്നതിനുള്ള ഊർജിത നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, സംസ്ഥാന ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗവും ഇക്കാര്യത്തിൽ വിശദമായ പരിശോധന നടത്തി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | പരിശോധനകളുടെ അഭാവമാണ് ടേൺഓവർ ടാക്സ് ഇനത്തിൽ വെട്ടിപ്പ് നടക്കുന്നതിന്റെ പ്രധാനപ്പെട്ട കാരണം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടേൺഓവർ ടാക്സ് ഇനത്തിൽ വെട്ടിപ്പ് നടക്കുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം പരിശോധന നടത്തി ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ